പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 211 26.02.2018-ൽ മറുപടിക്ക്

## അത്യാഹിത വിഭാഗം ഡോക്ടർമാരുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി.കെ. ഹരീന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ അത്യാഹിത വിഭാഗം ഡോക്ടർ മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; | (എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂറും അത്യാഹിത വിഭാഗം ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട് |
| (ബി) അതിർത്തി പ്രദേശമായ പാറശ്ശാല യിൽ റോഡപകടങ്ങളിൽ പരിക്കേറ്റ് എത്തുന്നവരെ മെഡിക്കൽ കോളേജു കളിലേയ്ക്ക് അയക്കുന്നതിലൂടെ അവരുടെ ജീവനുതന്നെ ഭീഷണി യാകുന്നു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) പാറശ്ശാല താലൂക്കാശുപത്രിയിൽ റോഡപകട ങ്ങളിൽ പരിക്കേറ്റ് വരുന്ന രോഗികൾക്ക് നിലവിലെ സൗകര്യങ്ങൾക്കകത്തു നിന്നും പരമാവധി ചികിത്സ ലഭ്യമാക്കുകയും, കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. |
| (സി) പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആക്സിഡന്റ് ട്രോമോകെയർ വിഭാഗം ആരംഭിക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമോകെയർ വിഭാഗം ആരംഭിക്കുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ